പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*175 — 3.5.2017 ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, വി.എസ്.ശിവകുമാർ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, അൻവർ സാദത്ത് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തി നായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇക്കാര്യത്തിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br>1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് റീഡേഴ്സ് അലവൻസ്<br>2. അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്<br>3. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് ധനസഹായം<br>4. വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും 5000/- രൂപ ധനസഹായം<br>5. വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക് / വികലാംഗരായ പെൺകുട്ടി കൾക്ക് 10000/-രൂപ വിവാഹ ധനസഹായം<br>6. CDMRP- കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം<br>7. അൾഷിമേഴ്സ് റിലേറ്റഡ് ഡിസോഡർ സൊസൈറ്റി ഓഫ് ഇന്ത്യ(ARDSI) മറവി രോഗം ബാധിച്ചവരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി<br>8. സ്കൂൾ വഴി എപ്പിലെപ്സി കെയർ<br>9. പാലിയം ഇന്ത്യ വഴി നട്ടെല്ലിന് ക്ഷതം ബാധിച്ചവർക്ക് സംരക്ഷണം<br>10. സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ(SNAC) വഴി നാഷണൽ ട്രസ്റ്റ് ആക്ട് പരിധിയിൽ വരുന്നവർക്ക് നിയമപരമായ പരിരക്ഷ<br>11. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO) വഴി കമ്പ്യൂട്ടർ പരിശീലനം<br>12. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO) വഴി കാഴ്ച വൈകല്യമുള്ളവർക്ക് കമ്പ്യൂട്ടർ പരിശീലനം<br>13. ഇൻസൈറ്റ് പ്രോജക്ട് വഴി ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പരിശീലനം<br>14. കോഴിക്കോട് IMHANS വഴി ഡിസ്ട്രിക്ട് സൈക്യാട്രിക് റീഹാബിലിറ്റേഷൻ പ്രോജക്ട്<br>ഭിന്നശേഷിക്കാരുടെ അംഗപരിമിതിയുടെ തീവ്രത ലഘൂകരിക്കുന്നതിനും പുനരധിവാസം നടപ്പാക്കുന്നതും ലക്ഷ്യമാക്കി സാമൂഹ്യ സുരക്ഷാ മിഷൻ ' അനുയാത്ര ' ക്യാമ്പയിൻ എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. -അനുയാത്രയിലൂടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:- |

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം
2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
3. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ
5. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
8. സ്പെഷ്യൽ അങ്കണവാടികൾ
9. പ്രോജക്റ്റ് ഓട്ടിസം
10. കാതോരം
11. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ(MCRC)
12. ഹെൽപ്പ് ഡെസ്ക്
13. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ
14. കറക്ഷൻ സർജറികൾ
15. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ്
16. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
17. വ്യക്തിഗത പരിപാലന പ്ലാൻ
18. ദേശീയ ശില്പശാല
19. അംഗപരിമിതർക്ക് തൊഴിൽ പരിശീലന ത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം
20. വിവര വിദ്യാഭ്യാസ വ്യാപന പ്രവർത്തനങ്ങൾ (IEC)

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരുടെ പുനരധിവാസത്തി നായി ആവിഷ്കരിച്ചു വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം
2. അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി
4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
5. നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/ വിദ്യാഭ്യാസ വായ്പ

| | |
|---|---|
| | 6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി<br>7. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി വായ്പാ സബ്സിഡി<br>8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി<br>9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ<br>10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി-സംസ്ഥാനതലത്തിൽ നടപ്പാക്കൽ<br>11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും<br>12. വികലാംഗരായ വയോജനങ്ങൾക്കു വേണ്ടിയുള്ള വൃദ്ധസദനം പരിപാലനം<br>13. കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി<br>ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസവുമായി ബന്ധപ്പെട്ട് എ.ഡി.ഐ.പി പദ്ധതിയിലൂടെ സഹായ ഉപകരണങ്ങൾ വിതരണം നടത്തുന്നതിനായി 315 ലക്ഷം രൂപ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. അനുയാത്രാ പദ്ധതിയുടെ നടത്തിപ്പിനായി 128 കോടി രൂപ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. |
| -(ബി) ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര ആരോഗ്യ പരിരക്ഷാപദ്ധതികൾക്കായി കേന്ദ്ര സർക്കാരിന്റെ സ്വാവലംബൻ പദ്ധതിയിൽ നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്രനിലപാട് വ്യക്തമാക്കുമോ? | (ബി) ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. |

[signature]

സെക്ഷൻ ഓഫീസർ